PARISH BULLETIN


# GREGORIAN

## മരുഭൂമിയിലെ പരുമല

ST. GREGORIOS ORTHODOX CHURCH - SHARJAH

2025
ഫെബ്രുവരി

ESTD : 1979 Vol 02/2025 February 2025/ Pages 8



## മലങ്കരയുടെ മൗദ്യോനോ: പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്ത


മലങ്കര സഭാഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി കാലം ചെയ്തതിനെ തുടർന്ന് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ (കുറിച്ചി ബാവ) നടത്തിയ ചരമപ്രസംഗത്തിൽ വട്ടശ്ശേരിൽ തിരുമേനിയെ വിശേഷിപ്പിക്കുന്നത് 'മലങ്കരയുടെ മൗദ്യോനോ' എന്നാണ്. ജീവിതത്തിലും പ്രവർത്തിയിലും വിശുദ്ധിയും ആത്മീയധീരതയും പുലർത്തിയ സഭാഭാസുരനെ സംബന്ധിച്ച് ഈ വിശേഷണം യുക്തമാണ്. 1858 ഒക്ടോബർ 31ന് ജനിച്ച ഈ മഹാനായ ആത്മീയ പിതാവ്, 1934 ഫെബ്രുവരി 23ന് കാലം ചെയ്തു. കോട്ടയം പഴയ സെമിനാരിയിൽ കബറടങ്ങി. അദ്ദേഹം 1909 മുതൽ 1934വരെ മലങ്കര മെത്രാപ്പോലീത്തായായി സേവനമനുഷ്ഠിച്ചു. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെയും പരിശുദ്ധ പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെയും വാത്സല്യവാനും ശിഷ്യനുമായിരുന്നു പുണ്യശ്ലോകനായ ഈ പിതാവ്.

വിവിധ മേഖലകളിൽ ആഴമേറിയ അനുഭവവും ജ്ഞാനവും തിരുമേനിക്കുണ്ടായിരുന്നു. ഇവ പരിശുദ്ധ സഭയുടെ നിലനിൽപ്പിനും പുരോഗതിക്കും ആയുഷ്പര്യന്തം വിനിയോഗിച്ചു. ആരാധന, സുറിയാനി ഭാഷ, വിശുദ്ധ ഗ്രന്ഥം, കാനോൻ, സഭാചരിത്രം മുതലായവയിൽ അവഗാഹം ഈ ആത്മീയ ഗുരുവിനുണ്ടായിരുന്നു. പൗരസ്ത്യ ദൈവശാസ്ത്രത്തിൽ അഗാധമായ പാണ്ഡിത്യമുണ്ടായിരുന്ന തിരുമേനി, ലളിതമായ ഭാഷയിൽ സുവ്യക്തമായി ഇത് പകർന്നു നൽകി. സഭയുടെ വിശ്വാസം സംക്ഷിപ്തമായി രേഖപ്പെടുത്തിയ 'മതോപദേശസാരങ്ങൾ', സുറിയാനി ഭാഷ പഠിക്കുന്നതിനുള്ള പാഠപുസ്തകം മുതലായവ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളാണ്. കോനാട്ട് മാത്തൻ മൽപ്പാനുമായി ചേർന്ന് കൃംതാ നമസ്കാരവും വിശുദ്ധ കുർബാനക്രമവും മലയാളത്തിൽ പ്രസിദ്ധീകരിച്ചു. ഇതിന് മലയാള മനോരമയുടെ പത്രാധിപരായിരുന്ന കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെ സഹായം ലഭിച്ചു.



പ്രശ്നകലുഷിതമായ സാഹചര്യത്തിലാണ് ഈ സഭയുടെ അധ്യക്ഷസ്ഥാനം തിരുമേനിയിലേക്ക് എത്തിയത്. പരിശുദ്ധ മാർത്തോമാ ശ്ലീഹായിൽ നിന്നും ലഭ്യമായ പൈതൃകം സംരക്ഷിക്കുകയും തലമുറകളിലേക്കു പകർന്നു നൽകുകയും ചെയ്യുക എന്ന ദൗത്യം മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ തന്നിൽ ഭരമേല്പിച്ചിട്ടുണ്ട് എന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. അപ്പോസ്തോലിക കാലഘട്ടം മുതൽ മലങ്കരസഭ ആസ്വദിച്ചിരുന്ന സ്വയംശീർഷകത്വവും സ്വാതന്ത്ര്യവും സ്വത്വവും സംരക്ഷിക്കുക എന്ന ദൗത്യം അദ്ദേഹം ഭരമേറ്റു.

ഭാരതത്തിന്റെ ദേശീയ സ്വാതന്ത്ര്യസമരം നടക്കുന്ന പശ്ചാത്തലത്തിൽ അതിന്റെ സ്വാധീനം തിരുമേനിയിലും ഉണ്ടായിരുന്നു. പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ മലങ്കരസഭ അനുഭവിച്ചിരുന്ന പാരതന്ത്ര്യം പൊട്ടിച്ചെറിയുവാൻ അദ്ദേഹം ആഗ്രഹിച്ചു. റോമൻ കത്തോലിക്ക, അന്ത്യോക്യൻ സുറിയാനി, യൂറോപ്പ്യൻ പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങൾ മലങ്കരസഭയെ അധീനതയിലാക്കുവാൻ ശ്രമിച്ചപ്പോൾ ഈ ധീക്ഷണശാലി അവയെ സധൈര്യം നേരിട്ടു. മലങ്കരസഭയുടെ ആത്മീകവും ലൗകീകവുമായ അധികാരാവകാശങ്ങൾ വൈദേശിക ശക്തികൾക്കു മുമ്പാകെ അടിയറ വയ്ക്കുന്നതിന് അദ്ദേഹം ഒരുക്കമല്ലായിരുന്നു. അന്ത്യോക്യൻ സുറിയാനി സഭയുടെ അദ്ധ്യക്ഷനായ പാത്രിയർക്കീസ്, മലങ്കരസഭയ്ക്കുമേൽ ആത്മീയവും ലൗകീകവുമായ പരമാധികാരം സ്ഥാപിക്കുവാൻ ശ്രമിച്ചു. ഈ സന്ദർഭത്തിൽ വട്ടശ്ശേരിൽ തിരുമേനിയുടെ കൂട്ടുട്രസ്റ്റിമാരായിരുന്ന കോനാട്ട് മാത്തൻ മൽപ്പാനും അക്കര സി. ജെ. കുര്യനും പാത്രിയർക്കീസിന്റെ പക്ഷം ചേർന്ന് വട്ടശ്ശേരിൽ തിരുമേനിയെ ഒറ്റപ്പെടുത്തി. 1911 ലെ അകാനോനികവും അനീതി നിറഞ്ഞതുമായ മുടക്കിനെ തിരുമേനി സധൈര്യം നേരിട്ടു. കോടതി വ്യവഹാരങ്ങളിലേക്ക് വീണുപോയ പശ്ചാത്തലത്തിൽ ആന്തരികഛിദ്രം കാരണം മലങ്കര സഭാംഗങ്ങൾ വിഘടിക്കാതിരിക്കാൻ അവരെ ചേർത്തുനിർത്തി. മലങ്കര നസ്രാണികളുടെ ആത്മീയ പൗരുഷം അദ്ദേഹത്തിൽ വിളങ്ങിനിന്നു.



സഭയുടെ സമഗ്രമായ പുരോഗതിയെ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളായിരുന്നു തിരുമേനി നടത്തിയിരുന്നത്. ഒരു നിമിഷം പോലും നഷ്ടമാകാതെ കർമ്മകുശലതയോടെ ജീവിതത്തിലുടനീളം പ്രവർത്തിച്ചു. സഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും നിലനിർത്തുന്നതിനായി കാതോലിക്കേറ്റ് സമ്മാനിച്ചു. ഉത്തമ ഭരണകർത്താവായിരുന്ന തിരുമേനി സഭാഭരണഘടനയുടെ രൂപീകരണത്തിനു തുടക്കവും നേതൃത്വവും നൽകി. കോടതി വ്യവഹാരങ്ങളുടെ ചക്രവ്യൂഹത്തിലായിരുന്നു എങ്കിലും 'മലങ്കരസഭയുടെ തലവൻ'

(ശേഷം നാലാം പേജിൽ)

**ഫാ. ജോബ് സാം മാത്യു, ഓർത്തഡോക്സ്**
**തീയോളജിക്കൽ സെമിനാരി, കോട്ടയം**

# ഗ്രീഗോറിയൻ

**ഫെബ്രുവരി – 2025**

**മകരം – കുംഭം 1200**

ഷാർജ സെന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവകയുടെ
ഔദ്യോഗിക മുഖപത്രം

**ഗ്രീഗോറിയൻ**

(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)

**ലക്കം : 02/2025**

MY LORD AND MY GOD

**റവ. ഡോ. അഡ്വ. ഷാജി ജോർജ്ജ് കോറെപ്പിസ്കോപ്പ**
(വികാരി)

**റവ. ഫാ. ജിജോ തോമസ് പുതുപ്പള്ളി**
(സഹ. വികാരി)

**ശ്രീ. പ്രസാദ് ഫിലിപ്പ് വർഗ്ഗീസ്**
(ഇടവക ട്രസ്റ്റി)

**ശ്രീ. ബിജി കെ എബ്രഹാം**
(ഇടവക സെക്രട്ടറി)

**ശ്രീ. ജാസിൻ എം രാജു**
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)

**ശ്രീ. ജോജി റ്റി. മാത്യു**
(ഇടവക പ്രതിനിധി)

പ്രസാധകർ
**ഷാർജ സെയ്ന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക**
(ഇടവക അംഗങ്ങൾക്ക് മാത്രം)

ഗ്രീഗോറിയനിലേക്കുള്ള
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
അയയ്ക്കേണ്ട വിലാസം
*Email : gulfparumala@gmail.com*


Vicar's Message

# *Greetings to All.*



Dearly beloved,

As we are going through the initial days of the new year, let us seek the blessings from the Almighty, to face all the challenges in our life. Every moment is precious, why because the Almighty God is giving us everything as a gift to become the children of God. In the month of February, we are commemorating the Nineveh lent, the event related to the Prophet Jonah and the people of Nineveh. The event is deeply making a drastic moment in our life and life styles. When the people of Nineveh changed their life styles and forgot the blessings from the Almighty, all sorts of problems came to their life. The prophet Jonah was send to Nineveh, but he had travelled to Tarsus. During the journey, many drastic things happened, as per the lot, Jonah was thrown to sea, and was swallowed by a Dolphin and was Womitted on the third day on the sea shore. During the stay of Jonah inside the fish, he was really repented and prayed for all his disobediences and God Almighty delivered him and the people of Nineveh from all their troubles, tribulations and problems. If, we can repent on our misdeeds, the Almighty, will shower the blessings on us, so that we can lead a meaningful life on this planet and even after.

Now let us come back to the study of the gospel, St. Mathew. In the last article, discussed about Jesus as Israel's promised Messianic king. In this article, we are discussing about the key words used by St.Mathew about Jesus:

**Jesus the King –** the Jewish tax collector Mathew writes to the Jewish audience to convince them that the King of Jews has come. By quoting repeatedly from the Old Testament, Mathew validates Christ's claims that He is, in fact, the prophesied Messiah, the anointed one, of Israel. Everything about this King is unique: His miraculous birth and obscure yet carefully prophesied birthplace, His flight into Egypt, His announcement by St. John, His battle with Satan in the wilderness, all support the only possible conclusion – Jesus is the culmination of promises delivered by the prophets over a period of a thousand years. Thus God's redemptive plan is alive and well, even after 400 years of Prophetic silence. We will continue with the key verses in St. Mathew in the next article.

With prayers

Very Rev. Cor Episcopos Shaji George.



## വി. മൂന്ന് നോമ്പ് THE NINEVEH LENT 09 - 12TH FEBRUARY 2025

| 09-02-2025 | SUNDAY |
|---|---|
| 7.00 PM<br>8.00 PM | സന്ധ്യാ നമസ്കാരം,<br>ഗാനശ്രുശ്രൂഷ<br>ധ്യാന പ്രസംഗം |


| 10-02-2025 | MONDAY |
|---|---|
| 6.00 AM | രാത്രി നമസ്കാരം<br>പ്രഭാത നമസ്കാരം |
| 10.00 AM | മൂന്നാം മണി നമസ്കാരം |
| 10.30 AM | ധ്യാന പ്രസംഗം |
| 12.00 PM | ഉച്ച നമസ്കാരം |
| 7.00 PM<br>8.00 PM | സന്ധ്യാ നമസ്കാരം,<br>ഗാനശ്രുശ്രൂഷ<br>ധ്യാന പ്രസംഗം |

| 11-02-2025 | TUESDAY |
|---|---|
| 6.00 AM | രാത്രി നമസ്കാരം<br>പ്രഭാത നമസ്കാരം |
| 10.00 AM | മൂന്നാം മണി നമസ്കാരം |
| 10.30 AM | ധ്യാന പ്രസംഗം |
| 12.00 PM | ഉച്ച നമസ്കാരം |
| 7.00 PM<br>8.00 PM | സന്ധ്യാ നമസ്കാരം,<br>ഗാനശ്രുശ്രൂഷ<br>ധ്യാന പ്രസംഗം |

| 11-02-2025 | WEDNESDAY |
|---|---|
| 6.00 AM | രാത്രി നമസ്കാരം<br>പ്രഭാത നമസ്കാരം |
| 10.00 AM | മൂന്നാം മണി നമസ്കാരം<br>ധ്യാന പ്രസംഗം |
| 12.00 PM | ഉച്ച നമസ്കാരം |
| 6.45 PM | സന്ധ്യാ നമസ്കാരം, |
| 7.30 PM | വി. കുർബാന |



Fr. Sobin Samuel
Secretary
Diocese of Nilackal



Fr. Prasad Mathew
Vicar,
St.george Orthodox Church,
Danapady. Haripad.



Fr. Oommen Mathew
St. Gregorios Orthodox Church
Jebel Ali

# നോമ്പ് വേദപുസ്തക വീക്ഷണത്തിൽ



ജിജോ പുതുപ്പള്ളി അച്ചൻ
സഹ വികാരി

ഇനി നോമ്പ് കാലമാണ് വരുന്നത് . ഇന്നത്തെ കാലത്ത് ഇതൊക്കെ ആവശ്യമുണ്ടോ എന്ന് ചിന്തിക്കുന്ന ഒരു സമൂഹത്തിൽ മുതിർന്നവർക്ക് മനസ്സിലാക്കുവാനും മക്കളെ മനസ്സിലാക്കി കൊടുക്കുവാനും നോമ്പിന്റെ ആവശ്യകത പങ്ക് വെയ്ക്കാമെന്ന് കരുതുന്നു.

വേദപുസ്തക വീക്ഷണത്തിൽ എന്താണ് നോമ്പ് എന്നറിയാൻ യഹൂദരുടെ ആരാധനാരീതികളെപ്പറ്റി പഠിക്കേണ്ടതുണ്ട്. ആരാധനക്രമ വർഷത്തിലെ ഒരു കാലഘട്ടത്തെയും നോമ്പ് എന്ന് യഹൂദർ വിളിച്ചിരുന്നില്ല. പഴയനിയമത്തിലും പുതിയനിയമത്തിലും നോമ്പ് എന്നൊരു പദം ഉപയോഗിച്ചിട്ടില്ല. അതേ സമയം, ബൈബിൾ മുഴുവനും നോമ്പിന്റെ ആശയംകൊണ്ട് നിറഞ്ഞിരിക്കുന്നുവെന്നും കാണാൻ കഴിയും. അതായത് യഹൂദരുടെ മതവിശ്വാസത്തിൽ പരിത്യാഗ പ്രവൃത്തികൾക്കും ഉപവാസത്തിനും വളരെ വലിയ വിലയാണുള്ളത്. ഇത് മനസ്സിലാക്കുവാൻ ചില യഹൂദ ആചാരങ്ങളിലേക്ക് കടക്കാം.

യഹൂദരുടെ ആരാധനക്രമവത്സരത്തിലെ പ്രധാനപ്പെട്ട ഒരു ദിവസമാണ് പാപപരിഹാര ദിനം എന്ന് അറിയപ്പെടുന്ന ദിവസം. നോമ്പ് എന്നല്ല അതിന് പേരെങ്കിലും നോമ്പിന്റെ അരൂപിയായ പരിത്യാഗത്തിന്റെ അരൂപിയിലാണ് ആ ദിവസം ആചരിക്കപ്പെടുന്നത്. യഹൂദ ഭാഷയായ ഹീബ്രുവിൽ ഈ ദിവസത്തിന്റെ പേര് യോം ഹകി പുരിം എന്നാണ്. ഇംഗ്ലീഷിൽ Day of Atonement എന്നും, മലയാളത്തിൽ പാപപരിഹാര ദിനമെന്നും ഇതു പരിഭാഷപ്പെടുത്താറുണ്ടെങ്കിലും ഈ പദത്തിന്റെ അർത്ഥം ഈ പരിഭാഷകൾ വേണ്ടവണ്ണം വെളിപ്പെടുത്തുന്നില്ല എന്നതാണ് സത്യം. കിപുർ എന്ന ഹീബ്രു പദത്തിന്റെ അക്ഷരാർത്ഥം പൊതിയുക, മൂടുക എന്നൊക്കെയാണ്. അതായത് ദൈവവുമായുള്ള ഐക്യത്തിന് വിഘാതമായി നില്ക്കുന്ന പാപത്തെ മൂടി വയ്ക്കുന്ന/ഇല്ലായ്മ ചെയ്യുന്ന/പരിഹരിക്കുന്ന ദിവസം എന്നാണ് ഈ ആചരണത്തിന്റെ അർത്ഥം. ഈ ദിവസത്തെ ആചരണത്തെപ്പറ്റി മോശയുടെ നിയമത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

''ഇസ്രായേൽ സമൂഹത്തിൽനിന്ന് അവൻ (അഹറോൻ) പാപപരിഹാര ബലിക്കായി രണ്ട് ആൺ കോലാടുകളെയും ദഹന ബലിയ്ക്കായി ഒരു മുട്ടാടിനെയും എടുക്കണം. അഹറോൻ തനിക്കുവേണ്ടി പാപപരിഹാര ബലിയായി കാളക്കുട്ടിയെ അർപ്പിക്കണം'' (ലേവ്യർ 16:5-4).
ഇങ്ങനെ ബ്രഹത്തായ ബലിയർപ്പണത്തിന്റെ ദിവസമാണ് യഹൂദർക്ക് പാപപരിഹാര ദിനം. ഇന്നും ഈ ആചരണം ക്രമമായി നടക്കുന്നുവെന്നത് എടുത്ത് പറയേണ്ടതാണ്. യഹൂദർക്ക് ഇന്ന് ദേവാലയമോ ബലിയർപ്പണമോ പൗരോഹിത്യ ശുശ്രൂഷയോ ഇല്ല. എങ്കിലും ഇന്നത്തെ സാഹചര്യത്തിനനുസരിച്ച് യഹൂദർ ഈ ദിവസം ഭക്തിയോടെ ആചരിക്കുന്നുണ്ട്. അന്നുവരെ ചെയ്ത സകല പാപവും ഈ ദിവസം പരിഹരിക്കപ്പെടുമെന്നാണ് യഹൂദർ വിശ്വസിക്കുന്നത്. ദേവാലയമോ ബലിയർപ്പണമോ ഇപ്പോൾ ഇല്ലെങ്കിലും, ഈ ദിവസം വളരെ സമയം അവർ സിനഗോഗുകളിൽ പ്രാർത്ഥനയ്ക്കായി ചെലവഴിക്കും. പാപപരിഹാരം ലഭിക്കുന്ന ദിവസം എന്നതിന്റെ സൂചനയ്ക്കായി ഈ ദിവസം യഹൂദർ വെള്ളവസ്ത്രം മാത്രമേ ധരിക്കുകയുള്ളൂ. മാത്രമല്ല, ഈ ദിവസം യഹൂദർക്ക് ഉപവാസ ദിനമാണ്. ഈ ഒരു ദിവസമല്ലാതെ മറ്റൊരു ദിവസവും ഉപവസിക്കണമെന്ന് മോശയുടെ നിയമത്തിൽ പറയുന്നില്ല.

യോം ഹകി പുരിം എല്ലാ യഹൂദർക്കും പ്രധാനപ്പെട്ട ദിവസമാണ്. മതജീവിതത്തിൽ വലിയ താത്പര്യം കാണിക്കാത്ത യഹൂദരും ഈ ദിവസം നിയമാനുസൃതം ആചരിക്കുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

### പാപപരിഹാരവും ദുരന്ത നിവാരണവും

വരാനിരിക്കുന്ന ദുരന്തങ്ങൾ ഒഴിവാക്കാൻ ജനങ്ങൾ ഉപവസിച്ച് പാപപരിഹാരം അനുഷ്ഠിച്ചിരുന്നുവെന്ന് പഴനിയമത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയും. ബെത്ശെബായിൽനിന്ന് തനിക്കു ജനിച്ച പുത്രൻ രോഗബാധിതനായപ്പോൾ ദാവീദ് ഉപവസിച്ച് പ്രായശ്ചിത്തം ചെയ്തതായി 2 സാമുവേൽ 12:16-18-ൽ നാം വായിക്കുന്നു. കുട്ടിയുടെ ജീവൻ രക്ഷിക്കാനുള്ള ശ്രമത്തിലാണ് ദാവീദ് ഇപ്രകാരം പ്രായശ്ചിത്തം ചെയ്തത്. പക്ഷേ ആ പ്രായശ്ചിത്തം ഫലപ്രദമായില്ല. ഉപവാസത്തോടൊപ്പം ചാക്കുവസ്ത്രം ധരിക്കലും, ചാമ്പലിൽ ഇരിക്കലും, വിലപിക്കലും പഴയനിയമത്തിലെ പരിഹാര പ്രവർത്തികൾക്ക് അകമ്പടികളായിരുന്നു.
വരാനിരിക്കുന്ന ദുരന്തം ഒഴിവാക്കാൻ പ്രായശ്ചിത്തം ചെയ്തിരുന്നതുപോലെ, സംഭവിച്ച ദുരന്തത്തെപ്പറ്റിയുള്ള ദുഃഖം ആചരിക്കുന്നതിനും പ്രായശ്ചിത്ത പ്രവൃത്തികൾ ചെയ്തിരുന്നു. ദൈവത്തിന്റെ അനുവാദത്തോടെ, സാത്താൻ തന്റെ ശരീരത്തെ വ്രണങ്ങൾ കൊണ്ടു നിറച്ചപ്പോൾ, ഇയ്യോബിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു:
ഇയ്യോബ് ചാരത്തിൽ ഇരുന്ന് ഓട്ടു കഷണം കൊണ്ട് ശരീരം ചുരണ്ടിക്കൊണ്ടിരുന്നു. (ഇയ്യോബ് 2:8). നിനുവേയിലെ ജനങ്ങൾ പ്രായശ്ചിത്തം ചെയ്തത് വരാനിരുന്ന ദുരന്തം ഒഴിവാക്കാനാണ്. യോനാ പ്രവാചകന്റെ പ്രസംഗം കേട്ട നിനുവേ രാജാവ് നഗരം മുഴുവൻ ഒരു ഉപവാസം പ്രഖ്യാപിച്ചു. മനുഷ്യനോ മൃഗമോ കന്നുകാലിയോ ആടോ ഒന്നും ഭക്ഷിക്കരുത്. അവ മേയുകയോ വെള്ളം കുടിക്കുകയോ അരുത്. മനുഷ്യനും മൃഗവും ചാക്കുവസ്ത്രം ധരിച്ച് ദൈവത്തോടു ഉച്ചത്തിൽ നിലവിളിക്കട്ടെ (യോന 3 : 8). രാജാവിന്റെ പ്രഖ്യാപനം സ്വീകരിച്ച്, പ്രായശ്ചിത്തം ചെയ്ത ജനങ്ങളോട് ദൈവം മനസ്സലിഞ്ഞ് ദുരന്തം ഒഴിവാക്കി. തങ്ങളുടെ ദുഷ്ടതയിൽനിന്ന് അവർ പിൻതിരിഞ്ഞുവെന്ന് കണ്ട് ദൈവം മനസ്സുമാറ്റി. അവരുടെമേൽ അയയ്ക്കുമെന്നു പറഞ്ഞ തിന്മ അയച്ചില്ല (യോന 3:10).

### മരുഭൂ യാത്ര

യഹൂദരുടെ ചരിത്രത്തെ മുഴുവൻ നോമ്പിലൂടെ രക്ഷയെന്ന് വ്യാഖ്യാനിക്കാൻ കഴിയും. ഈജിപ്റ്റിലെ അടിമത്തത്തിൽനിന്ന് പുറത്തുവന്ന ജനം, നാല്പതു വർഷം മരുഭൂമിയിലൂടെ യാത്ര ചെയ്താണ് വാഗ്ദത്തനാടായ കനാൻ ദേശത്ത് ചെന്നെത്തുന്നത്. ഇതു ഒറ്റപ്പെട്ട ഒരു സംഭവമായല്ല, തങ്ങളുടെ ജീവിത നിയമമായാണ് പ്രവാചകന്മാർ വ്യാഖ്യാനിക്കുന്നത്. ജീവന് വിരുദ്ധമായ ഏതു നിലപാടിലും പ്രവാചകന്മാർ ഇടപെട്ട്, മരുഭൂമിയുടെ അരൂപിയിലേക്ക് ജനങ്ങളെ പിൻതിരിപ്പിക്കുകയും, അങ്ങനെ രക്ഷ അവർക്ക് ലഭ്യമാക്കിക്കൊടുക്കുകയും ചെയ്തിരുന്നു. ഹോശയ പ്രവാചകന്റെ വാക്കുകൾ കേൾക്കുക: ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേക്ക് കൊണ്ടുവരും. അവളോടു ഞാൻ ഹൃദ്യമായി സംസാരിക്കും. അവിടെവച്ച് ഞാൻ അവൾക്ക് അവളുടെ മുന്തിരിതോട്ടങ്ങൾ നല്കും. ആഖോർ താഴ്‌വര ഞാൻ പ്രത്യാശയുടെ കവാടമാക്കും (ഹോശയ 2:14-15).
ദൈവത്തിന്റെ വചനം ഹൃദ്യമായി അനുഭവപ്പെടാനും, ദൈവത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കുവാനും മരുഭൂമിയുടെ അരൂപിയിലേക്ക് പോകേണ്ടിയിരിക്കുന്നുവെന്ന് ഇവിടെ വ്യക്തമാണല്ലോ. പ്രവാചകൻ യഹൂദ ചരിത്രത്തെ വ്യാഖ്യാനിച്ച്, ആധ്യാത്മികതയുടെ നിയമം എന്തെന്ന് രേഖപ്പെടുത്തുകയാണ്. വാഗ്ദത്ത നാട്ടിൽ പ്രവേശിക്കണമോ? മരുഭൂവാസം കൂടാതെ അതു സാധ്യമല്ല. ഇത് യഹൂദ ചരിത്രത്തിലൂടെ ദൈവം പഠിപ്പിക്കുന്ന ആദ്ധ്യാത്മിക നിയമമാണ്. ഈ മരുഭൂവാസത്തിന്റെ പേരാണ് നോമ്പ് എന്നത്.

### പുതിയ നിയമത്തിലേക്കു കടക്കുമ്പോൾ

പഴയനിയമ ചരിത്രത്തിൽനിന്ന് ഉൾക്കൊള്ളാവുന്ന മേല്പറഞ്ഞ ആദ്ധ്യാത്മിക നിയമം, യേശു തന്റെ ജീവിത നിയമമായി സ്വീകരിച്ചുവെന്ന് യേശുവിന്റെ ജീവിതത്തിൽനിന്നും പ്രബോധനങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയും. യോഹന്നാനിൽനിന്ന് സ്നാനം സ്വീകരിച്ച യേശുവിനെ, മരുഭൂമിയിലേക്കാണ് പരിശുദ്ധാത്മാവ് നയിക്കുന്നത്. പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടുവെങ്കിലും, ഉടനെ ഒരു വാക്കുപോലും യേശു പ്രസംഗിക്കുന്നില്ല. മറിച്ച് മരുഭൂമിയുടെ ഏകാന്തതയിലും വിജനതയിലും അസൗകര്യങ്ങളിലും നാല്പതുനാൾ ചെലവഴിച്ചശേഷമാണ് യേശു ആദ്യമായി സുവിശേഷം പ്രസംഗിക്കുന്നത്. ജീവന്റെ സുവിശേഷം പ്രസംഗിക്കാൻ മരുഭൂമിയുടെ അനുഭവം കൂടാതെ സാധ്യമല്ല എന്ന് പറയുന്നതുപോലെ തോന്നും യേശുവിന്റെ പരസ്യജീവിത വർണ്ണന. അതിന്റെ അത്യാവശ്യം മർക്കോസിന്റെ സുവിശേഷത്തിൽ വളരെ വ്യക്തമാണ്. യേശു 'പ്രിയ പുത്രൻ' എന്ന് പിതാവ് പ്രഖ്യാപിച്ചശേഷം, പരിശുദ്ധാത്മാവ് എന്തു ചെയ്തുവെന്ന് മർക്കോസ് പറയുന്നത് ഇങ്ങനെയാണ്: ഉടനെ ആത്മാവ് അവനെ മരുഭൂമിയിലേക്കു നയിച്ചു (1:12). ഇവിടെ രണ്ടു പദങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്- ഉടനെ എന്നതും, നയിച്ചു എന്നതും. യേശു മരുഭൂമിയിലായിരിക്കുക എന്നത് അത്യാവശ്യമാണെന്ന തോന്നലാണ് ഈ പ്രയോഗം (ഉടനെ എന്നത്) നല്കുന്നത്. അതു പോലെ പ്രധാനമാണ് 'നയിച്ചു'എന്ന പ്രയോഗം. മലയാളത്തിൽ നയിച്ചുവെന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നെങ്കിലും മർക്കോസ് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദത്തിന് 'ഓടിക്കുക' എന്ന അർത്ഥമാണുള്ളത്. ഇവിടെയും യേശുവിന്റെ മരുഭൂവാസത്തിന്റെ (ഉപവാസത്തിന്റെ) ആവശ്യകത വ്യക്തമാക്കുകയാണ് സുവിശേഷകൻ ചെയ്യുന്നത്.
തന്റെ ജീവിതത്തിൽ ഈ നിയമം പാലിച്ച യേശു, തന്റെ പ്രബോധനത്തിലും ഈ ആദ്ധ്യാത്മിക നിയമമാണ് ജനങ്ങളെ പഠിപ്പിക്കുന്നത്. ഉപവസിച്ച്

ഒരുങ്ങിയ യേശു ജനങ്ങളോടു പ്രഖ്യാപിക്കുന്നു: സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ (മർക്കോസ് 1:15).

അനുതാപമെന്ന നോമ്പിലൂടെ കടന്ന് സുവിശേഷത്തിന്റെ അനുഭവത്തിലേക്ക് പ്രവേശിക്കുകയെന്നാണ് യേശു ജനങ്ങളെ ആഹ്വാനം ചെയ്യുന്നത്. ജനങ്ങളെ ശിഷ്യത്വത്തിലേക്കു വിളിക്കുന്ന രംഗം ശ്രദ്ധിക്കുക: അവൻ ശിഷ്യന്മാരോടൊപ്പം ജനക്കൂട്ടത്തെയും തന്റെ അടുത്തേക്കു വിളിച്ചു വരുത്തി അവരോടു പറഞ്ഞു: ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ (മർക്കോസ് 8:34).

യേശുവിനെ അനുഗമിക്കുകയെന്നാൽ ശിഷ്യനാകുക എന്ന് അർത്ഥം. അതിനുള്ള വ്യവസ്ഥയാണ് കുരിശു വഹിക്കുകയെന്നത്. **നോമ്പു കുരിശു വഹിക്കലാണ്. അത് ലക്ഷ്യമില്ലാത്ത ഒരാചരണമല്ല, അനുഗമനം സാധ്യമാക്കുന്ന വ്യവസ്ഥയാണ്. പ്രാധാന്യം 'ശിഷ്യനാകുക' എന്നതിനാണ്. എന്നാൽ വ്യവസ്ഥകളൊന്നും കൂടാതെ ശിഷ്യനാകുക സാധ്യമല്ല. ആദ്യ ശിഷ്യന്മാരെ വിളിക്കുന്ന രംഗവും ഇതുതന്നെയാണ് വ്യക്തമാക്കുന്നത്. ശിമയോനെയും അന്ത്രയോസിനെയും കണ്ട യേശു അവരോടു പറഞ്ഞത് 'എന്നെ അനുഗമിക്കുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും' എന്നു മാത്രമാണ്. എന്നാൽ അവരുടെ പ്രതികരണത്തിൽ രണ്ട് അംശങ്ങളുണ്ട് – ഉപേക്ഷിക്കുകയും അനുഗമിക്കുകയും. ഉപേക്ഷിക്കുകയെന്നത് നോമ്പിനെ കുറിക്കുന്നു. അനുഗമിക്കുകയെന്നത് എത്തിച്ചേരുന്ന പുതിയ ബന്ധത്തെയും.**

**കുറവുകളെ നികത്തുന്ന നോമ്പ്**

വി. ലൂക്കോസ് മാത്രം നല്കുന്ന രണ്ടു ചെറിയ ഉപമകൾ ഇവിടെ ശ്രദ്ധേയമാണ് – ഗോപുരത്തിന്റെയും സൈന്യത്തിന്റെയും ഉപമകൾ. യേശു പറയുന്നു: ഗോപുരം പണിയാൻ ഇച്ഛിക്കുമ്പോൾ അതു പൂർത്തിയാക്കാൻ വേണ്ട വക തനിക്കുണ്ടോ എന്ന് അതിന്റെ ചെലവ് ആദ്യമേ തന്നെ കണക്കു കൂട്ടി നോക്കാത്തവൻ നിങ്ങളിൽ ആരുണ്ട്? അല്ലെങ്കിൽ ഇരുപതിനായിരം ഭടന്മാരോടുകൂടെ തനിക്കെതിരേ വരുന്നവനെ പതിനായിരംകൊണ്ടു നേരിടാൻ സാധിക്കുമോയെന്ന് ആദ്യമേ ആലോചിക്കാതെ മറ്റൊരു രാജാവിനോടു യുദ്ധത്തിനു പോകുന്ന ഏതു രാജാവാണുള്ളത്? (14:28–33)

ഈ രണ്ടു ഉപമകളിലും കുറവാണു വിഷയം – പണത്തിന്റെ കുറവും, ഭടന്മാരുടെ കുറവും. കുറവു നികത്താനുള്ള മാർഗ്ഗമോ? 'തനിക്കുള്ളതെല്ലാം ഉപേക്ഷിക്കുക' (14:33). ഇതാണ് നോമ്പിന്റെ സവിശേഷത – ഉള്ളതുകൂടി ഉപേക്ഷിച്ചുകൊണ്ട് നിറവിലെത്തുന്ന ഇന്ദ്രജാലം.

അങ്ങനെ ഈ നോമ്പ് കാലം നമുക്ക് നിറവുകളുടെ കാലങ്ങളാകട്ടെ എന്ന് ആശംസിക്കുന്നു .

സ്നേഹപൂർവ്വം

ജിജോ പുതുപ്പള്ളി അച്ചൻ

## മലങ്കരസഭയുടെ നിർണായക ചരിത്രമുഹൂർത്തമായ മാവേലിക്കര പടിയോലകൾ ചിത്രങ്ങളായി പുനർജനിച്ചു



മാവേലിക്കര: മലങ്കരസഭയ്ക്കു മേൽ അധിനിവേശം ലക്ഷ്യമിട്ട് ബ്രിട്ടീഷ് മിഷണറിമാർ നൽകിയ നിർദേശങ്ങളെ അവഗണിച്ച് 1836ൽ മാവേലിക്കര പള്ളിയിൽ തയ്യാറാക്കിയ ഉടമ്പടിയാണ് മാവേലിക്കര പടിയോല. സുറിയാനി ക്രിസ്ത്യാനികളുടെ ആത്മീയവും ലൗകികവുമായ സർവ്വകാര്യങ്ങളിലും തീരുമാനമെടുക്കാനുള്ള വേദിയായിരുന്ന മലങ്കര പള്ളിയോഗം എന്ന പ്രതിനിധി സഭയാണ് അന്നത്തെ ബ്രിട്ടീഷ് മിഷനറിമാരുടെ നിർദേശങ്ങളെ അവഗണിച്ച് നിർണായക തീരുമാനങ്ങൾ കൈക്കൊണ്ടത്.

മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ 1080-ാം വാർഷികത്തിന്റെ ഭാഗമായാണു പടിയോല പൂർണ്ണമായും ചിത്രങ്ങളിലാക്കിയത്. ചിത്രകാരനായ ജിജുലാൽ ആണ് ഈ ചരിത്രം ക്യാൻവാസിലേക്കു പകർത്തിയത്.

സെന്റ് മേരീസ് പള്ളിയിൽ നടന്ന ചടങ്ങിൽ പ. ബസേലിയാസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. മാവേലിക്കര പടിയോലകളുടെ ചിത്രം രമേശ് ചെന്നിത്തല എം.എൽ.എ. അനാച്ഛാദനം ചെയ്തു. ഡോ. എം. കുര്യൻ തോമസ് എഡിറ്റു ചെയ്ത 'മാവേലിക്കരയും പടിയോലകളും' എന്ന പുസ്തകം പ്രകാശനം ചെയ്തു. അവിട്ടം തിരുനാൾ ആദിത്യവർമ്മ യോഗം ഉദ്ഘാടനം ചെയ്തു. എബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായും ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായും അനുഗ്രഹ പ്രഭാഷണങ്ങൾ നടത്തി.

(ഒന്നാം പേജിന്റെ തുടച്ച )

എന്ന നിലയിൽ ദീർഘകാലത്തിനുശേഷം വട്ടിപ്പണം ദൈവത്തിന്റെ കൃപയാൽ തിരുമേനി കൈപ്പറ്റി. കാനോനികവും സാധുവുമായ മലങ്കര അസോസിയേഷൻ യോഗം നടത്തി. പുതിയ കൂട്ടുട്രസ്റ്റിമാരെ തിരഞ്ഞെടുത്തു. തന്റെ പിൻഗാമിയായി പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ നിയോഗിച്ചു.

പ്രവാചകനായ മോശയെപോലെ, ജനത്തെ പ്രശ്നകലുഷിതമായ സാഹചര്യത്തിൽ ധീരതയോടും ദൈവാശ്രയത്തോടും തിരുമേനി നയിച്ചു. പ്രതിബന്ധങ്ങളുടെ മധ്യേ കർമ്മകുശലതയോടെ അദ്ദേഹത്തിനു മുന്നോട്ടു പോകുവാൻ കഴിഞ്ഞത് ദൈവഭക്തിയും ദൈവാശ്രയവും കൈമുതലായി ഉണ്ടായിരുന്നതിനാലാണ്. ആദ്ധ്യാത്മിക കാര്യങ്ങളിൽ പരമഭക്തനും നിഷ്കളങ്കനുമായിരുന്നു തിരുമേനി. പ്രാർത്ഥനയുടെ മഹത്വം തിരിച്ചറിഞ്ഞ തിരുമേനി എപ്പോഴും ദൈവസംസ്സർഗം ആസ്വദിച്ചിരുന്നു. ദൈവവുമായി നിരന്തരം ബന്ധം പുലർത്തുവാൻ അദ്ദേഹം ശ്രദ്ധിച്ചു. പൗരസ്ത്യ ആധ്യാത്മികതയുടെ യോഗാത്മകതലം പരിശുദ്ധ തിരുമേനിയുടെ ജീവിതത്തിൽ നമുക്ക് കാണാം. കപടഭക്തിയെ അദ്ദേഹം എതിർത്തിരുന്നു. പ്രകടനാത്മകത കൂടാത്ത കൂദാശകളും യാമപ്രാർത്ഥനകളും രഹസ്യപ്രാർത്ഥനകളും തിരുമേനിയുടെ ആധ്യാത്മിക ജീവിതത്തിന്റെ മുഖമുദ്രകളാണ്. തിരുവചനധ്യാനം ആത്മീക പ്രചോദനവും മാർഗദർശനവും അദ്ദേഹത്തിനു പകർന്നു. ആത്മീയ ഉത്കാഴ്ചകൾ നിറഞ്ഞ പ്രബോധന ശുശ്രൂഷ നിർവഹിച്ചു. സഭയുടെ സത്യവിശ്വാസം നിലനിർത്തുന്നതിനായി വേദവിപരീതങ്ങളോടു നിരന്തരം പോരാടി. അഭിസംബോധന ചെയ്യുന്ന വിഷയങ്ങളിലെല്ലാം പണ്ഡിതോചിതമായ വിലയിരുത്തലും മാർഗ്ഗദർശനവും ഈ ശ്രേഷ്ഠ ഗുരു നടത്തി.

സഭയ്ക്കകത്തുനിന്നും പുറത്തുനിന്നും നിരന്തരം അക്രമങ്ങൾ അദ്ദേഹം നേരിട്ടു. ജീവനുപോലും ഭീഷണി ഉണ്ടായിരുന്നു. എതിർകക്ഷിയിൽ നിന്നും നിരന്തരം ഉപദ്രവങ്ങൾ നേരിട്ടു. അവയെ ക്ഷമയോടും സഹനത്തോടും ദൈവാശ്രയത്തോടും അതിജീവിച്ചു. പ്രതിസന്ധികളുടെ മധ്യേ സമചിത്തതയോടെ നിലകൊണ്ടു. ധീരനായിരുന്ന ഈ പരിശുദ്ധ പിതാവിന്റെ ആജ്ഞാശക്തി അനേകരെ അദ്ദേഹത്തിലേക്കു ആകർഷിച്ചു. ശരിതെറ്റുകളെ വിവേചിച്ചറിഞ്ഞ് കാലഘട്ടത്തെ അഭിസംബോധന ചെയ്യുവാൻ അക്കാലത്തെ സഭാനേതൃത്വത്തെ തിരുമേനിയുടെ ജീവിതശൈലി സ്വാധീനിച്ചു. ജീവിതത്തിലുടനീളം ക്രമവും നിഷ്ഠയും ഈ ധിഷണാശാലി പുലർത്തി. മലങ്കരസഭയ്ക്ക് പ്രവാചകതുല്യമായ നേതൃത്വം നൽകിയ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥത നമുക്ക് എന്നും അഭയമാണ്.

# ഫെബ്രുവരി മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ

## ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

ഫെബ്രുവരി 02




പത്രോസ് മാർ ഒസ്താത്തിയോസ്
കർമ്മേൽ ദയറാ,കണ്ടനാട്

ഫെബ്രുവരി 03



വിലാപക്കാരിൽ പ്രധാനിയായ
മാർ ബർസൗമാ

ഫെബ്രുവരി 09



മാത്യൂസ് മാർ എപ്പിഫാനിയോസ്
സെന്റ് തോമസ് കത്തീഡ്രൽ, കൊല്ലം

ഫെബ്രുവരി 16




മലങ്കര സഭാരത്നം
ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്
സെന്റ് പോൾസ് ചാപ്പൽ. മാവേലിക്കര

ഫെബ്രുവരി 23



മലങ്കര സഭ ഭാസുരൻ
പരി. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്
തിരുമേനി
പഴയ സെമിനാരി, കോട്ടയം

ഫെബ്രുവരി 23



തോമസ് മാർ മക്കാറിയോസ്
ദേവലോകം അരമന

## WORSHIP TIMING

| | | |
|---|---|---|
| Sunday | : 6.15 am | - Night Prayer , 7.00 am - Morning Prayer |
| | : 8.00 am | - Holy Qurbana |
| Sunday Evening | : 6.15 pm | - Evening Prayer |
| | : 7.00 pm | - Holy Qurbana |
| Tuesday | : 7.30 pm | - Evening Prayer & Madhyastha Prarthana (St. Mary) |
| Thursday | : 7.30 pm | - Evening Prayer & Madhyastha Prarthana (St. Gregorios) |
| Friday | : 6.45 pm | - Evening Prayer |
| | : 7.30 pm | - Holy Qurbana |
| Saturday | : 4.45 am | - Night Prayer, 5.15 am - Morning Prayer |
| | : 5.45 am | - Holy Qurbana |

## വി. വേദവായന കുറിപ്പ്

February-2: Mayaltho (Entry of our Lord into the temple) St. Luke 2: 22-40
February-9: Fifth Sunday after Baptism of our Lord St. Mark 1: 12-20
February-10: Monday of Three days Lent St. Matthew 7: 1-12
February-13: Thursday/The end of Three days Lent St. Luke 12: 54-13: 9
February-16: All Departed Priests St. Matthew 24: 42-51
February-23: All the Departed Faithful St. Luke 12: 32-48

## Umm Al Quwain Service

ഫെബ്രുവരി 19-02-2025 ബുധനാഴ്ച 7.00 PM ന് UAQ prayer hall ൽ വെച്ച് നടത്തപ്പെടുന്നതാണ്

## ശ്ബോത്ത് – ഫെബ്രുവരി

2. ദനഹായ്ക്കുശേഷം നാലാം ഞായർ.
മായൽത്തോ പെരുന്നാൾ (കർത്താവിന്റെ ദേവാലയ പ്രവേശനം) വയോധിക ദിനം.
വൃദ്ധനായ ശെമവോന്റെയും, മർത്ത് ഹന്നായുടെയും ഓർമ്മ.
മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 57ാം ഓർമ്മ. (കണ്ടനാട് കർമ്മേൽ ദയറാ).
3. വിലാപക്കാരിൽ പ്രധാനിയായ മാർ ബർസൗമായുടെ ഓർമ്മ.
താപസനും വിലാപക്കാരനുമായ മാർ കൗമായുടെ ഓർമ്മ.
8.മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ ഓർമ്മ.
9.മൂന്നു നോമ്പിലെ പേത്തുർത്താ ഞായർ.
*സകല വിശുദ്ധ പിതാക്കൻമാരുടെയും മൽപാൻമാരുടെയും ഓർമ്മ.
മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ 16ാം ഓർമ്മ. (കൊല്ലം സെന്റ് താമസ് കത്തീഡ്രൽ).
നിനുവാ നോമ്പ് (3 നോമ്പ്) ആരംഭം.
10. നിനുവാ നോമ്പ് (3 നോമ്പ്) വീടൽ.
13. യോനാ ദീർഘദർശിയുടെ ഓർമ്മ.
മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 93ാം ഓർമ്മ. (മഞ്ഞനിക്കര ദയറാ).
16.പട്ടക്കാരുടെ പൊതുവായ ഓർമ്മയുടെ ഞായർ. (കൊഹനേ ഞായർ).
സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 13ാം ഓർമ്മ. (മാവേലിക്കര സെന്റ് പോൾസ് ചാപ്പൽ).
സകല വാങ്ങിപ്പോയവരുടെയും പൊതുവായ ഓർമ്മയുടെ ഞായർ. (ആനീദേ ഞായർ).
മലങ്കര സഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ
23. ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 91ാം ഓർമ്മ. (കോട്ടയം പഴയ സെമിനാരി ചാപ്പൽ).
തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 17ാം ഓർമ്മ. (ദേവലോകം കാതോലിക്കേറ്റ് അരമന).
സ്മിർണായിലെ പോളിക്കാർപ്പോസിന്റെ ഓർമ്മ.
24. പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 91ാം ഓർമ്മപ്പെരുനാൾ. (കോട്ടയം പഴയ സെമിനാരി ചാപ്പൽ).
ഏവൻഗേലിസ്ഥനായ മാർ മത്തായി ശ്ലീഹായുടെ ഓർമ്മ.

## ഇടവകയിലെ പുതിയ അംഗങ്ങൾ

| REG NO | MEMBER NAME | AREA | MOB NO |
|---|---|---|---|
| B-461 | MRS. BLESSEN KOSHY | SJU | 056-2424659 |
| J-824 | JOJI JOSEPH | AND | 052-5460986 |
| J-825 | JOJI JOHN | AJS | 056-4823067 |
| M-359 | MERSON K THOMAS | SRQ | 052-5147727 |
| R-426 | RAINAMON MATHEW | AJS | 050-8769512 |
| R-427 | ROBIN C K | AJS | 052-7035083 |
| S-889 | SUNIL VARGHESE | SJU | 050-8688270 |
| S-890 | MRS. SHEENA RACHEL BABU | SJU | 056-2624867 |
| S-891 | SHINIL ZACHARIAH ISAC | OAI | 055-8076109 |
| T-279 | TOGIN THOMAS | AND | 056-7849124 |
| V-235 | VITTY YOHANNAN THOMAS | AKZ | 055-5230452 |

## 91st MEMORIAL FEAST OF ST.DIONYSIUS

(MALANKARA SABHA BHASURAN VATTASSERIL GEEVARGHESE MAR DIONYSIUS METROPOLITAN)

മലങ്കര സഭാഭാസുരൻ
പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗ്ഗീസ്
മാർ ദീവന്നാസ്യോസ് തിരുമേനിയുടെ

**91-ാം ഓർമ്മപ്പെരുന്നാൾ**

2025 ഫെബ്രുവരി 22,23 തീയതികളിൽ
ഭക്ത്യാദരപൂർവ്വം കൊണ്ടാടുന്നു



## ആദരാഞ്ജലികൾ



ശ്രീ. ജോസ് എൻ.കെ
(J-322)

മുൻ ഇടവക അംഗം AKZ ഏരിയയിൽ
ശ്രീ. ജോസ് എൻ.കെ
(J-322) നാട്ടിൽ വെച്ച് കർത്താവിൽ
നിദ്ര പ്രാപിച്ച വിവരം വ്യസന സമേതം
അറിയിക്കുന്നു...
ആ കുടുംബത്തിന്റെ ദുഃഖത്തിൽ
പങ്കുചേരുകയും, ആത്മാവിന്
നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുകയും,
ഇടവകയുടെ അനുശോചനം
അറിയിക്കുകയും ചെയ്യുന്നു...

ഗ്രീഗോറിയൻ

# OCYM

### 1. വിനോദയാത്ര


ഇടവക യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഇടവക അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഫെബ്രുവരി മാസം പതിനാറാം തീയതി വിനോദയാത്ര സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് പ്രോഗ്രാം കൺവീനർ മോൻസി ജോൺ (+971 56 685 5088) മായി ബന്ധപ്പെടുക.

### 2. അലൈൻ തീർത്ഥയാത്ര

പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് പിതാവിന്റെ 91-ാം ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് പിതാവിന്റെ തിരുശേഷിപ്പിനാൽ ധന്യമായ അലൈൻ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ദൈവാലയത്തിലേക്ക് മാർച്ച് മാസം രണ്ടാം തീയതി യുവജനപ്രസ്ഥാനം ഷാർജ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവക അംഗങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് തീർത്ഥയാത്ര സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് പ്രോഗ്രാം കൺവീനർ ജിജോ തങ്കച്ചൻ (+971 50 8260 568) മായി ബന്ധപ്പെടുക.

### 3. മലയാളം ക്ലാസ്

എല്ലാ ശനിയാഴ്ചയും 4 PM മുതൽ മലയാളം ക്ലാസ് ഉണ്ടായിരിക്കുന്നതാണ്.







# SUNDAY SCHOOL ANNOUNCEMENTS



Sunday School - 18th Batch Graduation Ceremony of Grade-12 ORTHODOX VEDAPRAVEEN DIPLOMA Holders



Parish Memento Presentation to Class-10 OSSAE-OKR Exam passed Students.

## ഒറ്റനോട്ടത്തിൽ — ഫെബ്രുവരി 2025

| |
|---|
| 01. വിശുദ്ധ കുർബ്ബാന / പ്രാർത്ഥനാ യോഗം |
| 02. വിശുദ്ധ കുർബ്ബാന (രാവിലെയും, വൈകിട്ടും), മായൽത്തോ പെരുന്നാൾ |
| 5. ഉപവാസ പ്രാർത്ഥന / പ്രാർത്ഥനാ യോഗം UAQ |
| 07. വിശുദ്ധ കുർബ്ബാന |
| 08. വിശുദ്ധ കുർബ്ബാന / പ്രാർത്ഥനാ യോഗം |
| 09. വിശുദ്ധ കുർബ്ബാന (മൂന്നു നോമ്പിലെ പേത്തുർത്ത ഞായർ) ഗാനശുശ്രൂഷ , ധ്യാന പ്രസംഗം |
| 10. പ്രഭാത നമസ്കാരം, ഉച്ച നമസ്കാരം, സന്ധ്യ നമസ്കാരം , ഗാനശുശ്രൂഷ , ധ്യാന പ്രസംഗം |
| 11. പ്രഭാത നമസ്കാരം, ഉച്ച നമസ്കാരം, സന്ധ്യ നമസ്കാരം , ഗാനശുശ്രൂഷ , ധ്യാന പ്രസംഗം |
| 12. ധ്യാന പ്രസംഗം, ഉച്ച നമസ്കാരം, വിശുദ്ധ കുർബ്ബാന (നിനുവാ നോമ്പ് വീടൽ) |
| 13. പ്രാർത്ഥനാ യോഗം |
| 14. വിശുദ്ധ കുർബ്ബാന |
| 15. വിശുദ്ധ കുർബ്ബാന |
| 16. വിശുദ്ധ കുർബ്ബാന (രാവിലെയും, വൈകിട്ടും) |
| (പട്ടക്കാരുടെ പൊതുവായ ഓർമ്മയുടെ ഞായർ ) |
| 17. പ്രാർത്ഥനാ യോഗം |
| 19. ഉപവാസ പ്രാർത്ഥന |
| 21. വിശുദ്ധ കുർബ്ബാന |
| 22. വിശുദ്ധ കുർബ്ബാന / പ്രാർത്ഥനാ യോഗം |
| 23. വിശുദ്ധ കുർബ്ബാന (രാവിലെയും, വൈകിട്ടും) |
| (സകല വാങ്ങി പോയവരുടെയും പൊതുവായ ഓർമ്മയുടെ ഞായർ ) |
| 26. ഉപവാസ പ്രാർത്ഥന / പ്രാർത്ഥനാ യോഗം |
| 28. വിശുദ്ധ കുർബ്ബാന |

## ഇടവക നിയമാനുസൃത പൊതുയോഗം

ഇടവക ബൈലോ റിവിഷനുമായി ബന്ധപ്പെട്ട്, ഇടവകയുടെ ഒരു നിയമനുസൃത പൊതുയോഗം ഈ മാസം 9, ഞായറാഴ്ച വി. കുർബ്ബാനക്ക് ശേഷം പള്ളിയിൽ വച്ച് കൂടുന്നതാണ്, പൊതുയോഗത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളവരുടെ എലിജിബിൾ ലിസ്റ്റ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

# ORTHODOX MEDICAL FORUM (OMF)

## OMF COORDINATORS - 2025



Monby Podimon



Betsy Cherian



Sindhu Varghese

OMF പ്രാർത്ഥനായോഗങ്ങൾ എല്ലാ ശനിയാഴ്ചയും ഓൺലൈനായി വൈകിട്ട് 4 മണി മുതൽ കൂടി വരുന്നു.

## യാത്രയയപ്പ്



**SONY JACOB & FAMILY**
2009 മുതൽ ഇടവകാംഗം
S-447



**SHAJIMON P VARGHESE & FAMILY**
2006 മുതൽ ഇടവകാംഗം
S-264

**ഇവർ ഇടവകയ്ക്ക് ചെയ്തു തന്ന എല്ലാ സേവനങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഇടവകയുടെ എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.**

# MGOCSM

## MGOCSM EXECUTIVE COMMITTEE - 2025

PRESIDENT



Very Revd. Cor Episcopos Dr. Adv. Shaji George

CO-VICAR



Rev. Fr. Jijo Thomas Rajan

VICE PRESIDENT



Jemima Mariam George

STUDENT VICE PRESIDENT



Sean Shiju Mannil

SECRETARY



Elsa Anna Binu

JOINT SECRETARY




Hanok Mathew

TREASURER



Davis Joji Mathew

STUDENT TREASURER



Neeva Mathew

COMMITTEE MEMBERS



Johann Shibu Thomas



Johan Sijo Babu



Divina Sara Oommen




Serah Thankam Renjan

SENIOR COMMITTEE MEMBERS



Danis Joji Mathew



Smitha Mary

EX-OFFICIO



Alex Varghese

# MARTHA MARIYAM VANITHASAMAJAM



2024 വർഷത്തിലെഇടവകയിലെ മർത്ത്മറിയം വനിതാ സമാജത്തിന്റെ ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി ചാരിറ്റി ചെയ്യുന്നതിനുള്ള തുക ഇടവക ഭാരവാഹികളും സമാജം ഭാരവാഹികളും ചേർന്ന് ചാരിറ്റി കമ്മിറ്റിക്ക് കൈമാറി

റെഗുലർ മീറ്റിംഗ് ഫെബ്രുവരി 9, ,23 തീയതികളിൽ വി. കുർബാനയ്ക്ക് ശേഷം ഉണ്ടായിരിക്കുന്നതാണ്.

മെഡിക്കൽ സെൽ ഫെബ്രുവരി 2,16 തീയതികളിൽ വി. കുർബാനയ്ക്കുശേഷം പ്രവർത്തിക്കുന്നതാണ്.

# ആദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്തനോദ്ഘാടനം

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ അനുസ്മരണവും, ഇന്ത്യയുടെ റിപ്പബ്ലിക് ദിന ആഘോഷവും ഇടവകയിലെ അധ്യാത്മിക പ്രസ്ഥാനങ്ങളായ യുവജനപ്രസ്ഥാനം, മർത്ത് മറിയം വനിതാ സമാജം, MGOCSM എന്നിവയുടെ 2025 വർഷത്തെ പ്രവർത്തനോദ്ഘാടനവും നടത്തപ്പെട്ടു.














# SCHEDULE OF AREA PRAYER MEETINGS

## VENUE: THE CHURCH, ENCLOSURE & PARISH HALL

| Sl. No. | Area | Name of the Prayer Group | Day of the Meeting | Hosted By |
|---|---|---|---|---|
| 1 | Abu Shagarah | St. Thomas | 01/02/2025 Saturday 8.00 PM - 9.00 PM | Mr. Rajan Gheevarghese & Family (R-026)<br>Mr. Sanil T. Abraham & Family (S-509)<br>Mr. John V. Thomas & Family (J-556)<br>Mr. Jais Thomas & Family (J-101) |
| 2 | Sharq | St. George | 01/02/2025 Saturday 8.00 PM - 9.00 PM | Mr.Alex Varghese (A-129), Mr. Siby George (S-260), Mr. Raju Varghese (R-125), Mr. Praveen Ponnachan (P-149) Vinu P Varghese (V-061) |
| 3 | Umm Al Quwain | St. Marks | 05/02/2025 Wednesday 7.30 PM - 9.00 PM | Well Wishers |
| 4 | Musalla & Al Yarmook | St. Gregorios | 08/02/2025 Saturday 8.00 PM - 9.00 PM | Mr. Sooraj Kollanoor Kurian & Family (S - 559) |
| 5 | Al Nadha<br>Al Wahda<br>Dubai | St.Dionysius<br>St.Mathews<br>St.Ignatius | 08/02/2025 Saturday 8.00 PM - 9.00 PM | Mr. Koruth Zacharia & family (K-117) Mr. Siju John & family (S-662) Mr. Jaison Thomas & family(J-262) Mr. Raju K.N & family(R-152) |
| 6 | Sharjah Cinema<br>Rolla | St. Peters<br>St. Johns | 13/02/2025 Thursday 08.30 PM - 9.30 PM | Mr. Jacob Mathew & Family(J-137) , Mr. Jayan Joy & Family (J-307) |
| 7 | Maisaloon | St. Baselios | 17/02/2025 Monday 08.00 PM - 09.00PM | Mr. Sajiv Kuruvila Zachariah & Family (S 1140 |
| 8 | Ajman Karama<br>Ajman Sanaiya | St. Lukes<br>St. Kuriakose | 22/02/2025 Saturday 8.00 PM - 9.00 PM | Mr. Roji Riju & Family R-228, Mr. Joseph P John & Family J-169 |
| 9 | Old Airport | St. Pauls | 22/02/2025 Saturday 8.00 PM - 9.00 PM | Mr. Aji Koshy & Family(A-105), Mr. Varughese Abraham & Family(V-162), Mr. Roji K John & Family (R-170) |
| 10 | Al Khazamia<br>B.M.W<br>Sharjah University | St. Stephens<br>St. Marys<br>St. Behanans | 26/02/2025 Wednesday 8.00 PM - 9.00PM | Mr. MK Chacko & Family (C-032 ) |

## 2025 ജനുവരി മാസത്തിൽ ഇടവകയിൽ നടന്ന പെരുന്നാളുകളും, മറ്റു പരിപാടികളും







രാജ്യത്തിന്റെ 76-ാം റിപ്പബ്ലിക്ക് ഡേ ദിനത്തോടനുബന്ധിച്ച് ഇടവക കൊടിമരത്തിൽ പതാക ഉയർത്തുകയും മധുരപലഹാരം വിതരണം ചെയ്യുകയും ചെയ്തു.











സ്ഥേഫാനോസ് സഹദായുടെ പെരുന്നാൾ ആഘോഷങ്ങളിൽ നിന്നുമുള്ള വിവിധ ദൃശ്യങ്ങൾ.